പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6641

04.04.2018 ൽ മറുപടിക്ക്

## തലശ്ശേരി- മൈസൂർ റെയിൽപാത

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തലശ്ശേരി -മൈസൂർ റെയിൽപാത വരുന്നതിന് എന്ത് തടസ്സങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഈ പാതയ്ക്കെതിരെ പ്രചാര വേലകൾ നടക്കുന്നുണ്ടെങ്കിൽ അതിന് പിന്നിലാരാണെന്ന് സർക്കാരിന് ബോധ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(സി) പാത വരാതിരിക്കുന്നതിന് നടത്തുന്ന പ്രചാര വേലയുടെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കാമോ;<br><br>(ഡി) തലശ്ശേരി -മൈസൂർ റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും | തലശ്ശേരി - മൈസൂർ പാതയെ പറ്റിയുള്ള സാധ്യതാ പഠനം നടത്തുവാൻ കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരിക്കും പെരിയപട്ടണത്തിനുമിടയിലുള്ള 180.5 കി.മീ ദൂരമുള്ള റെയിൽവേ ലൈനിന്റെ 5000.03 കോടി രൂപ ചെലവിൽ നിർമ്മിക്കുവാനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദിഷ്ട റെയിൽവേ ലൈൻ തെക്ക പടിഞ്ഞാറൻ റെയിൽവെയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വർക്സ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈസൂർ-മടിക്കേരി ലൈനുമായി ബന്ധിപ്പിക്കും. ഈ ഏരിയായുടെ സാമൂഹിക സാമ്പത്തിക ഉന്നമനം പദ്ധതി ഉറപ്പാക്കുന്നതാണ്. ഈ ലൈൻ വരുന്നതോടുകൂടി ഉണ്ടാകാൻ പോകുന്ന ഇന്ധന ലാഭവും പ്രവർത്തി ദിവസങ്ങളും എല്ലാം കണക്കിലെടുത്ത് ഇതു പ്രാവർത്തികമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനെതിരെ പ്രചരണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

SR.

സെക്ഷൻ ഓഫീസർ